"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ദുരന്ത നിവാരണ വകുപ്പ് - സംസ്ഥാന ദുരന്ത പ്രതികരണനിധി 2024-25- കോവിഡ് എക്സ്ഗ്രേഷ്യ വിതരണം ചെയ്യുന്നതിന് എറണാകുളം ജില്ലാകളക്ടർക്ക് തുക അനുവദിച്ച്കൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ദുരന്ത നിവാരണ(എ) വകുപ്പ്**

സ.ഉ.(സാധാ) നം.787/2024/DMD തീയതി,തിരുവനന്തപുരം, 18-10-2024

---

പരാമർശം:- 1. എറണാകുളം ജില്ലാകളക്ടറുടെ 12/08/2024 ലെ ഡിസിഇ കെഎം/9641/2021-ഡി1 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കോവിഡ് മൂലം മരണപ്പെട്ടവർക്കുള്ള ധനസഹായം അനുവദിക്കുന്ന നടപടികൾ കോവിഡ് പോർട്ടൽ മുഖേനയാണ് സ്വീകരിച്ചുവരുന്നതെന്നും DDD/ ICMR സർട്ടിഫിക്കറ്റ് ഉപയോഗിച്ചാണ് പോർട്ടലിൽ അപേക്ഷ സമർപ്പിക്കുന്നതെന്നും എന്നാൽ, മേൽ പരാമർശിച്ച സർട്ടിഫിക്കറ്റുകൾ കോവിഡ് മരണത്തിനു ശേഷം 90 ദിവസത്തിനുള്ളിൽ അപേക്ഷിച്ചാൽ മാത്രമേ ലഭ്യമാകുകയുള്ളൂവെന്നും, ഇപ്രകാരം 90 ദിവസത്തിനുള്ളിൽ അപേക്ഷിക്കാത്ത കക്ഷികൾക്ക്, അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് ചെയർമാൻ ആയ GRIEVANCE REDRESSAL COMMITTEE പരിശോധിച്ച് CERTIFICATE നൽകുകയും ചെയ്യുന്നുവെന്നും ഇത്തരം കേസുകളിൽ പോർട്ടൽ മുഖേന അല്ലാതെ ധനസഹായം അനുവദിക്കേണ്ടതുണ്ടെന്നും, തുക അനുവദിച്ച കേസുകളിൽ ബാങ്ക് അക്കൗണ്ടിലെ അപാകതകൾ മൂലം റിജക്റ്റ് ആയ കേസുകൾ നിലവിലുള്ളതാണെന്നും ഇപ്രകാരമുള്ള കേസുകൾക്ക് തുക അനുവദിക്കുന്നതിനായി 20,00,000/- (ഇരുപത് ലക്ഷം രൂപ മാത്രം) അനുവദിക്കണമെന്ന് എറണാകുളം ജില്ലാകളക്ടർ പരാമർശത്തിലെ കത്ത് പ്രകാരം ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോവിഡ് എക്സ്ഗ്രേഷ്യ വിതരണം ചെയ്യുന്നതിനായി സംസ്ഥാന ദുരന്ത പ്രതികരണനിധിയുടെ 2245-02-101-94-01 Flood other items എന്ന ശീർഷകത്തിൽ നിന്ന് എറണാകുളം ജില്ലാകളക്ടർക്ക് 20,00,000/- (ഇരുപത് ലക്ഷം രൂപ മാത്രം) രൂപ അനുവദിച്ച് ഉത്തരവാകുന്നു.

നടപ്പ് സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് പ്രൊവിഷനിൽ നിന്ന് തുക വിനിയോഗിക്കേണ്ടതും തുകയുടെ വിനിയോഗം സംബന്ധിച്ച വിവരം NDMIS പോർട്ടലിൽ

രേഖപ്പെടുത്തുന്നതിനും, വിനിയോഗ സർട്ടിഫിക്കറ്റ് സർക്കാരിലേയ്ക്ക് സമർപ്പിക്കുന്നതിനുമുള്ള നടപടി ജില്ലാകളക്ടർമാർ സ്വീകരിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുരാധ കെ സി
അഡീഷണൽ സെക്രട്ടറി

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),(എ&ഇ) കേരള, തിരുവനന്തപുരം
കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം
കമ്മീഷണർ,ദുരന്ത നിവാരണം
ജില്ലാകളക്ടർ,എറണാകുളം
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി
ട്രഷറി ഡയറക്ടർ,തിരുവനന്തപുരം
പൊതുജന സമ്പർക്ക വകുപ്പ്(Web and New Media)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by Sivaprasad V N
Date: 22-10-2024 15:50:13
സെക്ഷൻ ഓഫീസർ